# കേരള സർവകലാശാല

നം.പി.ആർ.221/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര എൽ.എൽ.ബി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 23. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### മൂല്യനിർണ്ണയം

2018 ഒക്ടോബർ 10 മുതൽ ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്/സി.ആർ പരീക്ഷകളുടെ മൂല്യനിർണ്ണയം ഒക്ടോബർ 15 മുതൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പന്തളം എന്നീ മൂല്യനിർണ്ണയകേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ്.

### ടൈംടേബിൾ

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) രണ്ടാം സെമസ്റ്റർ പരീക്ഷകൾ (2014, 2011 & 2006 സ്കീം) ഒക്ടോബർ 23 നും നാലാം സെമസ്റ്റർ പരീക്ഷകൾ (2014 സ്കീം) ഒക്ടോബർ 22 നും ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാതീയതി

2018 സെപ്റ്റംബർ 13 ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എ, ബി.എസ്.സി (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'Foundation Course I - EN 1121 - Writings on Contamporary Issues'എന്ന പേപ്പറും ഒന്നാം സെമസ്റ്റർ ബി.കോം (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ 'Foundation Course I - CO 1121 - Methodology and Perspectives of Business Education'എന്ന പേപ്പറും നവംബർ 5 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങൾക്കും സമയക്രമത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

ഹിസ്റ്ററി പഠന വകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്) 2018 – 19 പ്രോഗ്രാമിൽ എസ്.സി, എസ്.റ്റി വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി 2018 ഒക്ടോബർ 10 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308839, 09446533386 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2018

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള ജനറൽ/മറ്റ് സംവരണസീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിൽ ഒക്ടോബർ 11–നും, ആലപ്പുഴ മേഖലയിൽ ഒക്ടോബർ 12–നും, കൊല്ലം, അടൂർ മേഖലകളിൽ ഒക്ടോബർ 15–നുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 11–ന് കേരള സർവകലാശാല സെനറ്റ് ഹാളിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി. കോളേജിൽ ഒക്ടോബർ 12 –ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ഒക്ടോബർ 15–ന് ഹാജരാകേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ പിന്നീട് പരിഗണിക്കുന്നതല്ല. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 900/– രൂപയും ഒ.ഇ.സി.വിഭാഗങ്ങൾക്ക് 340/– രൂപയും) അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും.

ജനറൽ/മറ്റ് സംവരണവിഭാഗങ്ങൾക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുൻപ് എസ്.സി./എസ്.ടി.വിഭാഗങ്ങൾക്ക് ഒരു അവസരം കൂടി നൽകുന്നതാണ്. എസ്.സി/എസ്.ടി. സംവരണസീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ തീയതികളിലും സ്ഥലങ്ങളിലും രാവിലെ 9 മണിക്ക് ഹാജരാകണം. എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ളവരെ പരിഗണിച്ചശേഷം ആ വിഭാഗങ്ങളിൽ ഒഴിവുവരുന്ന സീറ്റുകൾ നിയമാനുസൃതമായി മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നതാണ്.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും ഒക്ടോബർ 10, 11 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.)

## <u>കോഴ്സ് അനുവദിച്ചു</u>

അഫിലിയേറ്റഡ് സ്വാശ്രയ കോളേജായ കല്ലമ്പലം കെ.റ്റി.സി.റ്റി കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ എം.എ. ഇംഗ്ലീഷ് കോഴ്സ് അനുവദിച്ചിരിക്കുന്നു. ആയതിന്റെ പ്രവേശനം ഒക്ടോബർ 9 ന് കോളേജിൽ വെച്ച് നടക്കും.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>പി.ജി എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് 2018 – 2019</u>

2018–19–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് സ്പോട്ട് അലോട്ട്മെന്റ് സർവകലാശാല സെനറ്റ് ഹാളിൽ ഒക്ടോബർ 10–ന് നടത്തുന്നു. കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ(http://admissions. keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം കഴിഞ്ഞു വരുന്നവരെ പിന്നീട് പരിഗണിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശന ഫീസായ 340/– രൂപ അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. മുൻപ് പ്രവേശന ഫീസ് അടച്ചവർ അതിന്റെ രസീത് നൽകിയാൽ മതിയാകും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും 2018 ഒക്ടോബർ 06, 07, 08, 09 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.)

# <u>വിവാഹ പൂർവ്വ കൗൺസിലിംങ് കോഴ്സ്</u>

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ 18 വയസ്സ് പൂർത്തിയായ യുവതീ യുവാക്കൾക്ക് നാല് ദിവസം നീണ്ട് നിൽക്കുന്ന കൗൺസിലിംങ് കോഴ്സ് സംഘടിപ്പിക്കുന്നു. കേരളത്തിലെ ഏറ്റവും മികച്ച പരിശീലകരെ ഉൾപ്പെടുത്തി നടത്തപ്പെടുന്ന ഈ കോഴ്സ് കാര്യവട്ടം ക്യാമ്പസ്സിലെ അറബി വകുപ്പിലാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. തീർത്തും സൗജന്യമായ പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ കോഴ്സ് കോർഡിനേറ്റർ നൗഷാദ്.വി 9747318105 എന്ന നമ്പറിൽ ബന്ധപ്പെടുക.

**തിരുവനന്തപുരം.**
08.10.2018

പബ്ലിക് റിലേഷൻസ് ഓഫീസർ